(ബി) പദ്ധതിക്ക് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ എൻ. സി.-പി. സി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചീക്കോട് കുടിവെള്ള പദ്ധതി

60 [517] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു പഞ്ചായത്തുകൾക്കൊപ്പം ഫറോക്ക് പഞ്ചായത്തിനുകൂടി പ്രയോജനപ്പെടുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയും ;

(സി) ഈ പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഫറോക്ക് പഞ്ചായത്തിന് കുടിവെള്ളം ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പിംഗ് മെയിൻ, ഭൂതല സംഭരണി എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധീകരണശാലയുടെ എസ്റ്റിമേറ്റും, എൻ. ഐ. ടി. യും സൂക്ഷ്മ പരിശോധനയിലാണ്.

(ബി) 2008 മാർച്ച് മാസത്തോടെ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മതിയായ ഫണ്ട് ലഭിക്കുകയാണെങ്കിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത മറ്റു സാഹചര്യങ്ങളൊന്നും നിലവിലില്ല.

(ഡി) ചീക്കോട് പദ്ധതി പൂർത്തിയാകുന്നതോടെ ഫറോക്ക് പഞ്ചായത്തിനുകൂടെ പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതു കൂടാതെ ഫറോക്ക് പഞ്ചായത്തിലെ കുടിവെള്ള പരിഹാരത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) പൈക്കുറ്റിപ്പാടം ശുദ്ധജല വിതരണ പദ്ധതി

(2) കുറ്റൈക്കാട് ശുദ്ധജല വിതരണ പദ്ധതി

(3) ഫറോക്ക് പേട്ട ശുദ്ധജല വിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly